THE INDIAN ALUMINIUM CO.

*1084. [81] **Sri. A. L. Jacob :** Will the Hon'ble Minister for Labour be pleased to state :—

(*a*) whether he is aware that Mr. V. V. Philip, Pot Room Superintendent of the Indian Aluminium Co., of Alwaye was discharged without valid reasons during the course of proceedings of the industrial dispute between the company and their workmen ;

(*b*) was not the discharge due to trade union activities ;

(*c*) has any complaint been preferred by Mr. Philip against the Company ; and

(*d*) if so, what action has been taken by the Government ?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon) :**

(*a*) Government are aware that Sri. V. V. Philip was discharged on 1st February 1950 on the ground of redundency in the reorganisation of the Production Department of the Indian Aluminium Co., Alwaye, when there was a dispute between the Company and their workmen pending before the Industrial Tribunal.

(*b*) No.

(*c*) Sri. Philip had complained to the Government about the discharge.

(*d*) Sri. Philip's petition was duly considered by Government and recorded.

സ്കൂളാവശ്യത്തിനു കെട്ടിടം

*൧൦൮൬. (൮൩) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോട്ടയം കാരാപ്പുഴ സർക്കാർ മിഡിൽ സ്കൂളിൽ ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നു പറയാമോ ;

(ബി) ടി സ്കൂളിൽ എത്ര കുട്ടികൾക്കുള്ള സ്ഥലസൗകര്യമാണുള്ളതെന്നു പറയാമോ ;

(സി) ടി സ്കൂളിനു തൊട്ടടുത്തു് ഒഴിഞ്ഞുകിടക്കുന്ന പഴയ പകുതിക്കച്ചേരി കെട്ടിടം സ്കൂളാവശ്യത്തിലേക്കു വിട്ടുകൊടുക്കണമെന്നു കാണിച്ചു് തദ്ദേശവാസികളുടെ ഒരു ഭീമഹർജ്ജി കിട്ടിയിട്ടുണ്ടോ ;

(ഡി) ജി. ഒ. ആർ. ഒ. സി. നമ്പർ ൨൯൩൫/൫൯—എഡ്യുക്കേഷൻ ഡേറേഡ് ൨൩—൯—൫൯ പ്രകാരം ടി പകുതിക്കച്ചേരി പുതിയ കെട്ടിടത്തിലേക്കു മാറുമ്പോൾ പഴയ കെട്ടിടം വിട്ടുകൊടുക്കുന്നകാര്യം ആലോചിക്കാമെന്നു ഗവണ്മെണ്ടിൽനിന്നും ഉറപ്പുകൊടുത്തിട്ടുള്ളതായി അറിയാമോ ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൭൯൯.

(ബി) ൫൩൨.

(സി) ഉണ്ടു്.

(ഡി) അറിയാം.

VETERINARY DOCTORS

*1086. [90] **Sri. K. Kesavan :** Will the Hon'ble Minister for Agriculture be pleased to state :—

LIBRARY ARCHIVES Kerala Legislative Assembly

(*a*) how many veterinary doctors are there in the Union specially trained at Government expenses, in order to popularise artificial insemonation to improve live-stock;

(*b*) will the Government be pleased to start artificial insemonation centres for cattle at least in important areas throughout the Union; and

(*c*) is there any such centre in any part of the Union at present?

Minister for Public Works, Communications and Agriculture **(Sri. E. John Philipose):**

(*a*) Nine.

(*b*) Yes. The Pilot Key Village Scheme for improvement of Livestock proposed to be started in two centres at Trivandrum and Trichur includes arrangements for artificial insemonation also.

(*c*) Yes; at Pettah, Trivandrum. The Veterinary Surgeon, Mattancheri is also doing this work.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗീയ സ്കൂളുകൾ

* ൧൦൭൭. (൯൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചെറുപ്പകാലത്തുതന്നെ വർഗ്ഗീയമനഃസ്ഥിതി കുട്ടികളുടെ ഇടയിൽ വളർത്തുവാൻ സഹായകമായ വിഭാഗീയ സ്കൂളുകൾ നിറുത്തണമെന്ന നിയമസഭാ സാമാജികന്മാരിൽനിന്നും പൊതുജനങ്ങളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായോ;

(ബി) ഇത്തരം സ്കൂളുകൾ, ഈ സ്കൂൾവർഷത്തിന്റെ ആരംഭത്തിൽതന്നെ നിറുത്തുന്നതാണെന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നിയമസഭയ്ക്കകത്തും പുറത്തും അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിക്കയുണ്ടായോ;

(സി) എന്നാൽ ഇനിയും ഇത്തരം സ്കൂളുകൾ തുടരുന്നതിനുള്ള കാരണമെന്ത്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ചില നിവേദനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇതിനെപ്പറ്റി ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു പറയുകയുണ്ടായിട്ടുണ്ട്.

(സി) അവയെ നിറുത്തൽചെയ്യുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണ്. പുതിയ പ്രാഥമികവിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുന്നതോടുകൂടി ഇത്തരം സ്കൂളുകൾ തീരെ ഇല്ലാതാവുന്നതാണ്.

പട്ടിക ജാതിവിദ്യാർത്ഥികൾക്കു സൗജന്യം

* ൧൦൭൮. (൯൭) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഗവണ്മെണ്ടിൽനിന്നും പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു സൗജന്യമായി കൊടുത്തുവന്നിരുന്ന പാഠപുസ്തകങ്ങൾ ഇക്കൊല്ലവും കൊടുത്തുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ): കൊടുത്തിട്ടുണ്ട്. ഈ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യത്തിലെ അവസാനഭാഗം ഉദിക്കുന്നില്ല.